**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4990** **20-03-2025 - ൽ മറുപടിയ്ക്ക്**

**ഖാദർ കമ്മിറ്റി റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളിൽ ഏതൊക്കെ ശിപാർശകളാണ് ഇതുവരെ നടപ്പിലാക്കിയിട്ടുള്ളത്? | (എ) | സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിവിധ തലങ്ങൾ (സെക്കൻഡറി ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി) സംയോജിപ്പിച്ചുകൊണ്ട് സ്കൂൾ ഏകീകരണം നടപ്പാക്കുന്നതിനായാണ് പ്രൊഫ. എം.എ. ഖാദർ അധ്യക്ഷനായ സമിതിയെ നിയോഗിച്ചത്. പ്രസ്തുത സമിതി മികവിനായുള്ള സ്കൂൾ വിദ്യാഭ്യാസം എന്ന പേരിൽ രണ്ടു ഭാഗങ്ങളായുള്ള റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.<br><br>ടി റിപ്പോർട്ടിന്റെ ആദ്യ ഭാഗത്തിൽ പ്രധാനമായും ഭരണതലത്തിൽ ഉണ്ടാകേണ്ട മാറ്റങ്ങളെ സംബന്ധിച്ചും രണ്ടാം ഭാഗത്തിൽ അക്കാദമിക രംഗത്ത് ഉണ്ടാകേണ്ട മാറ്റങ്ങളെ സംബന്ധിച്ചുമാണ് പ്രതിപാദിച്ചിട്ടുള്ളത്. റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പ്രകാരം ഭരണ തലത്തിൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:<br><br>എ) പന്ത്രണ്ടാം ക്ലാസ് വരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിയന്ത്രണവും ഏകോപനവും നിലവിലുണ്ടായിരുന്ന പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കൻഡറി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടറേറ്റ് എന്നീ മൂന്ന് ഡയറക്ടറേറ്റുകളേയും സംയോജിപ്പിച്ച് ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ എന്ന പുതിയ പൊതുസംവിധാനം രൂപീകരിക്കുകയും ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ (ഡി.ജി.ഇ.) എന്ന അധികാരസ്ഥാനം സ്ഥാപിച്ച് അതിൽ നിക്ഷിപ്തമാക്കുകയും ചെയ്തു.<br>ബി) ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻ, ബോർഡ് ഓഫ് ഹയർ സെക്കൻഡറി എക്സാമിനേഷൻ, ബോർഡ് ഓഫ് വൊക്കേഷണൽ |

| | | | |
|---|---|---|---|
| | | | ഹയർ സെക്കൻഡറി എക്സാമിനേഷൻ എന്നിവ നടത്തുന്ന പൊതുപരീക്ഷകൾ നടത്തുന്നതിനായി ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷനെ പരീക്ഷാ കമ്മീഷണറായി നിയമിച്ചു.<br>സി) നിലവിലുള്ള ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി എന്നീ സ്കൂൾ തല സംവിധാനങ്ങൾ ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷന്റെ അധികാര പരിധിയിൽ ആക്കിയിട്ടുള്ളതാണ്.<br>പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിച്ചിരുന്ന ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ, ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ, വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസുകൾ എന്നിവയും, ഹയർ സെക്കൻഡറി ഡയറക്ടറേറ്റിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളും, വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടറേറ്റിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളും തൽസ്ഥിതിയിൽ ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷന്റെ നിയന്ത്രണത്തിലാക്കി.<br>(ഡി) സംയോജിത സംവിധാനത്തിലേക്ക് മാറ്റപ്പെടുന്ന 1 മുതൽ 12 വരെയുള്ള സ്കൂളിന്റെ മേധാവിയായി പ്രിൻസിപ്പലിനെ നിശ്ചയിക്കുകയും സ്കൂളിന്റെ പൊതുചുമതലയും ഹയർ സെക്കൻഡറി വിഭാഗത്തിന്റെ അക്കാദമിക ചുമതലയും പ്രിൻസിപ്പലിന് നല്കുകയും ചെയ്തു.<br>(ഇ) പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂൾ ഏകീകരണവുമായി ബന്ധപ്പെട്ട് 1 മുതൽ 12 വരെയുള്ള പൊതുവിദ്യാലയങ്ങളിലെ ഹെഡ്മാസ്റ്റർ അല്ലെങ്കിൽ ഹെഡ്മിസ്ട്രസ് തസ്തിക വൈസ് പ്രിൻസിപ്പൽ എന്ന് പുനർനാമകരണം ചെയ്യുകയും അധികാര വികേന്ദ്രീകരണം ഉൾപ്പെടെയുള്ള നടപടികൾ പൂർണപ്രാപ്തിയിൽ എത്തിക്കുന്നതിനുള്ള നടപടിക്രമങ്ങൾ തുടർന്നുവരുകയുമാണ്.<br>ഏകീകരണവുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>റിപ്പോർട്ടിന്റെ രണ്ടാം ഭാഗത്തിലെ ശുപാർശകൾ ഉചിതമായ രീതിയിൽ നടപ്പാക്കുന്നതിനായി പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ